No. 15/Govt/2017

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി - ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നടപ്പിൽ വരുത്തുന്നത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(പി) നം. 62/2017/ധന. തിരുവനന്തപുരം, തീയതി : 11.05.2017

---

പരാമർശം : സ.ഉ.(പി) നം. 27/2017/ധന തീയതി : 26.02.2017.

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ നടപടിക്രമങ്ങളും ലൈറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള സ്പെസിഫിക്കേഷനുകളും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണപരമായും സാങ്കേതികപരമായും തടസ്സങ്ങൾ ഉണ്ടെന്നും കൂടാതെ വളരെയധികം കാലതാമസം ഉണ്ടാക്കുന്നതാണ് പ്രസ്തുത ഉത്തരവെന്നും ചൂണ്ടിക്കാണിച്ച് നിയമസഭാ സാമാജികർ ബഹു. ധനമന്ത്രി മുമ്പാകെ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ അടുത്ത സാമ്പത്തിക വർഷം (2018-19) മുതൽ മാത്രം നടപ്പിലാക്കേണ്ടതാണെന്ന് ഉത്തരവാകുന്നു. 2016-17 വർഷത്തിൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതി ഉത്തരവുകളിൽ, നടപ്പിലാക്കാൻ അവശേഷിക്കുന്നവ ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുന: പരിശോധിക്കേണ്ടതും ആയതിന് 2015-16 വരെ പിൻതുടർന്ന രീതി തന്നെ തുടരേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.എസ്. ഉഷ

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. എല്ലാ നിയമസഭാ സാമാജികർക്കും
4. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം)
7. ഹെഡ്, ഇ.ഇ.ഡി, എനർജി മാനേജ്മെന്റ് സെന്റർ
8. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Slathal

സെക്ഷൻ ഓഫീസർ

Office of the Chief Engineer
LSGD, Thiruvananthapuram